ഭരണഭാഷ — മാതൃഭാഷ

നമ്പർ.സി.1/14189/റ്റി.സി./2011

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,


രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]


തീയ്യതി, 04/06/2014

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — കേരളത്തിൽ ഉപയോഗിക്കുന്ന അന്യ സംസ്ഥാന വാഹനങ്ങൾ ചെക്ക് ചെയ്യുന്നത് — സംബന്ധിച്ച്.

സൂചന :- 30.11.2013 തീയതിയിലെ ഇതേ നമ്പർ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു. അന്യ സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് കേരളത്തിൽ ഉപയോഗിയ്ക്കുന്ന (30 ദിവസത്തിലധികം) നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾ ചെക്ക് ചെയ്ത് കേരളത്തിലെ റോഡ് നികുതി അടപ്പിയ്ക്കണമെന്ന് സൂചന പ്രകാരമുള്ള കത്തിലൂടെ നിർദ്ദേശിച്ചിരുന്നു. എന്നാൽ, മേൽ നിർദ്ദേശം പാലിയ്ക്കപ്പെടുന്നതായി കാണുന്നില്ല. തുടർച്ചയായ ഉപയോഗം തെളിയിയ്ക്കുവാൻ ഡ്രൈവറുടെ സ്റ്റേറ്റ്മെന്റ്, പുക പരിശോധനാ സർട്ടിഫിക്കറ്റ്, എടുത്തിരിയ്ക്കുന്ന സ്ഥലം, ഇൻഷ്വറൻസ് എടുത്തിരിയ്ക്കുന്ന സ്ഥലം, ഇന്ധനം നിറച്ച ബിൽ, സർവ്വീസ് നടത്തിയ ബിൽ മുതലായവ ഉപയോഗിയ്ക്കേണ്ടതാണ്. അയൽ സംസ്ഥാനങ്ങൾ ഇക്കാര്യങ്ങൾ കർശനമായി നടപ്പിലാക്കുന്നുണ്ടെങ്കിലും കേരളത്തിൽ വേണ്ടവിധം എൻഫോഴ്സ് ചെയ്ത് കാണുന്നില്ല. ആകയാൽ, യാതൊരു കാലതാമസവും കൂടാതെ ഇക്കാര്യത്തിൽ കർശന നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ഓഫീസ് മേധാവികൾ ഇതിന് നേതൃത്വം നൽകേണ്ടതാണ്. അടുത്ത കോൺഫറൻസിൽ ഇത് സംബന്ധിച്ച് എടുത്ത നടപടി റിപ്പോർട്ട് സമർപ്പിയ്ക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി

അംഗീകാരത്തോടെ,

3/6/14

സീനിയർ സൂപ്രണ്ട്.

ജെ.എസ്.

03/06/14

മോട്ടോർ വാഹന വകുപ്പ്, കേരളം